15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118 — 21-06-2024 - ൽ മറുപടിയ്ക്ക്

## ജലാശയങ്ങളിലെ അപകട മരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ടവരുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് അറിയിക്കാമോ; | (എ) | 2021 മുതൽ 14/06/2024 വരെ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ടവരുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | 2021 | 2022 | 2023 | 2024 (14/06/2024 വരെ) |
|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 17 | 41 | 13 | 16 |
| തിരുവനന്തപുരം റൂറൽ | 71 | 79 | 82 | 47 |
| കൊല്ലം സിറ്റി | 37 | 30 | 7 | 15 |
| കൊല്ലം റൂറൽ | 54 | 53 | 54 | 32 |
| പത്തനംതിട്ട | 38 | 41 | 32 | 20 |
| ആലപ്പുഴ | 68 | 83 | 90 | 38 |
| കോട്ടയം | 67 | 75 | 93 | 32 |
| ഇടുക്കി | 62 | 57 | 61 | 23 |
| എറണാകുളം സിറ്റി | 38 | 48 | 51 | 19 |
| എറണാകുളം റൂറൽ | 75 | 112 | 112 | 64 |
| തൃശ്ശൂർ സിറ്റി | 82 | 103 | 106 | 34 |
| തൃശ്ശൂർ റൂറൽ | 75 | 67 | 88 | 36 |
| പാലക്കാട് | 115 | 92 | 94 | 44 |
| മലപ്പുറം | 84 | 120 | 117 | 46 |
| കോഴിക്കോട് സിറ്റി | 13 | 20 | 12 | 14 |
| കോഴിക്കോട് റൂറൽ | 36 | 45 | 11 | 9 |
| വയനാട് | 30 | 22 | 22 | 7 |
| കണ്ണൂർ സിറ്റി | 29 | 42 | 34 | 10 |
| കണ്ണൂർ റൂറൽ | 37 | 40 | 32 | 10 |
| കാസറഗോഡ് | 48 | 69 | 59 | 8 |

<table>
<tr><td></td><td></td><td></td><td><table><tr><td>ആകെ</td><td>1076</td><td>1239</td><td>1170</td><td>524</td></tr></table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത കാലയളവിൽ നടന്ന മുങ്ങി മരണങ്ങളിൽ 18 വയസ്സിന് താഴെ പ്രായമുള്ള എത്ര കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>പ്രസ്തുത കാലയളവിൽ നടന്ന മുങ്ങി മരണങ്ങളിൽ ഉൾപ്പെട്ട 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><table><tr><td>2021</td><td>2022</td><td>2023</td><td>2024<br>( 14/06/2024 വരെ)</td></tr><tr><td>142</td><td>217</td><td>213</td><td>77</td></tr></table></td></tr>
<tr><td>(സി)</td><td>സ്വകാര്യ പാറമടകൾ, കല്ലുവെട്ടുന്ന കുഴികൾ എന്നിവിടങ്ങളിലെ ജലാശയങ്ങളിൽ കുട്ടികൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഇത്തരം സ്ഥലങ്ങളിൽ സംരക്ഷണ വേലി കെട്ടുന്നതിനും ഉപേക്ഷിക്കപ്പെട്ട പാറമടകൾ അപകടമുക്തമാക്കുന്നതിനും നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ;</td><td>(സി)</td><td>സ്വകാര്യ പാറമടകൾ, കല്ലുവെട്ടുന്ന കുഴികൾ എന്നിവിടങ്ങളിലെ ജലാശയങ്ങളിൽ കുട്ടികൾ അപകടത്തിൽ പ്പെടുന്നത് ഒഴിവാക്കുന്നതിനായി സംരക്ഷണ വേലി കെട്ടുന്നതിനും ഉപേക്ഷിക്കപ്പെട്ട പാറമടകൾ അപകടമുക്തമാക്കുന്നതിനും ഇവിടങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>കനാലുകൾ/പുഴകൾ എന്നിവിടങ്ങളിൽ പതിവായി അപകടമുണ്ടാകുന്ന ഭാഗങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും സുരക്ഷ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ?</td><td>(ഡി)</td><td>കനാലുകൾ/പുഴകൾ എന്നിവിടങ്ങളിൽ പതിവായി അപകടമുണ്ടാകുന്ന ഭാഗങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കുളിക്കടവുകളിൽ അപകടം നിറഞ്ഞ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ ഇല്ലാത്ത കടവുകളിൽ ഇവ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ